**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 55** | **10-02-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി വിതരണരംഗത്തിന്റെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എം.വിജിൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പൊതുമേഖലയിലെ വൈദ്യുതി വിതരണരംഗം ആധുനികവൽക്കരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനും ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br><br>വൈദ്യുതി വിതരണ മേഖല ആധുനിക വത്കരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പു വരുത്തുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികൾ ദ്യുതി 2 ഉം Revamped Distribution Sector Scheme (RDSS) ഉം ആണ്. ഇത് കൂടാതെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തു വിതരണ ശൃംഖലയുടെ വികസനത്തിനായി ആരംഭിച്ച ദ്യുതി 1 -ൽ ഉൾപ്പെട്ട പ്രവൃത്തികളും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പിലാക്കിയിട്ടുണ്ട്. വൈദ്യുതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിൽ ഭൂഗർഭ കേബിളുകൾ, ഏരിയൽ ബഞ്ചഡ് കണ്ടക്ടർ, മറ്റു കവചിത ചാലകങ്ങൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ RDSS, ദ്യുതി 2.0 എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>വിതരണ രംഗം കൂടുതൽ ആധുനികവത്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനുമായി 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്ന പദ്ധതിയാണ് ദ്യുതി 2.0 ദ്യുതി 2.0 ൽ 4717 കോടി രൂപയുടെ പ്രവൃത്തികളാണ് 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പിലാക്കാനായി തീരുമാനിച്ചിട്ടുള്ളത്.<br><br>ഇതു കൂടാതെ മലപ്പുറം (411 കോടി), കാസറഗോഡ് (394 കോടി), ഇടുക്കി (218 കോടി) ജില്ലകളിലെ |

വിതരണ മേഖലയുടെ വികസനത്തിനായി ആകെ 1023 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജും കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2021-22 മുതൽ 24-25 ഡിസംബർ 2024 വരെ ദ്യുതി 1, ദ്യുതി 2 എന്നിവയിൽ ഉൾപ്പെടുത്തി വിതരണമേഖലയിൽ പ്രധാനമായും 5549 കി.മീ. 11 കെ വി ലൈനും 14902 കി.മീ. low tension ലൈനും പുതുതായി നിർമ്മിക്കുകയും, അപ്ഗ്രഡേഷൻ ഉൾപ്പെടെ 8704 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 42644 കി.മീ. എൽ.ടി ലൈനും 2131 കി.മീ. 11 കെ വി overhead ലൈനും റീ കണ്ടക്ടറിങ് നടത്തുകയും 5044 കി.മീ. എൽ ടി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ ആദ്യ 100 ദിന പരിപാടിയുമായി ബന്ധപ്പെട്ട് ദ്യുതി പദ്ധതിയിൽ ഉൾപ്പെട്ട 175 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിടുകയും 191.84 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം 100 ദിന പരിപാടിയിൽ 250 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിടുകയും 300 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ദ്യുതി 1 പദ്ധതി യിൽ മാത്രം 850 കോടി രൂപയുടെ പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ. പൂർത്തിയാക്കി. 2022-23 മുതൽ ജനുവരി വരെ 1542 കോടി രൂപയുടെ പ്രവൃത്തികൾ ദ്യുതി 2 പദ്ധതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്.

വൈദ്യുതി തടസ്സത്തിന്റെ സമയ ദൈർഘ്യം കുറയ്ക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തത മനസ്സിലാക്കിക്കൊണ്ട് "Communicable Fault Pass Detector" എന്ന നൂതന സംവിധാനം വളരെ ചെലവുകുറഞ്ഞ രീതിയിൽ ബോർഡ് ജീവനക്കാർ തന്നെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ സംവിധാനം വഴി തകരാറു സംഭവിച്ച സ്ഥലം പെട്ടെന്ന് തിരിച്ചറിയുകയും പരിഹാരം പെട്ടെന്ന് സാധ്യമാവുകയും ചെയ്യുന്നു.

വൈദ്യുതി കമ്പികൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും, വൈദ്യുതി തടസങ്ങൾ കുറയ്ക്കുന്നതിനും, സുരക്ഷിതവും സുസ്ഥിരവുമായ വൈദ്യുതി ലഭ്യമാക്കുന്നതിനുമായി 3 ലക്ഷം കിലോമീറ്റർ ലോ ടെൻഷൻ വിതരണ ലൈനുകളിൽ സ്പേസറുകൾ ഘട്ടം ഘട്ടമായി സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ.

| | | | |
|---|---|---|---|
| | | | തീരുമാനിക്കുകയും, ഇതിന്റെ ഭാഗമായി 2021-22 മുതൽ 24-25 കാലയളവിലായി 217 ലക്ഷം സ്പേസറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.<br><br>വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS) ന്റെ ഭാഗമായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് മുൻപാകെ സമർപ്പിച്ച 2880 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിക്കുകയുണ്ടായി. ഭൂഗർഭ കേബിളുകൾ, എ ബി സി കണ്ടക്ടർ, കവചിത ചാലകങ്ങൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് RDSS പദ്ധതിയിൽ മുൻഗണന നൽകുന്നു. വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി RDSS പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ, കൊല്ലം, കണ്ണൂർ എന്നീ സ്ഥലങ്ങളിലേയ്ക്ക് SCADA, റിങ് മെയിൻ സംവിധാനം വ്യാപിപ്പിക്കുന്ന പ്രവൃത്തികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിനുപുറമേ ഉപഭോക്താക്കൾ പരാതികൾ രജിസ്റ്റർ ചെയ്യുന്ന കസ്റ്റമർ കെയർ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി അതിന്റെ സോഫ്റ്റ്‌വെയർ കൂടുതൽ മികവുള്ളതാക്കാനായി ഉള്ള ജോലികളും ഇതിന്റെ ഭാഗമായുണ്ട്.<br><br>കേന്ദ്രസർക്കാർ, എല്ലാ ഉപഭോക്താക്കൾക്കും നിലവിലുള്ള ഇലക്ട്രിസിറ്റി മീറ്റർ മാറ്റി സ്ഥാപിച്ച്, പ്രീപേയ്മെന്റ് സംവിധാനത്തോടു കൂടിയ സ്മാർട്ട്മീറ്റർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിരുന്നു. Revamped Distribution Sector പദ്ധതിയുടെ ഭാഗമായി ആദ്യ ഘട്ട സ്മാർട്ട് മീറ്റർ പദ്ധതിയിൽ ഫീഡർ/ ബോർഡർ മീറ്ററുകൾ, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ മീറ്ററുകൾ, സർക്കാർ ഉപഭോക്താക്കൾ, എച്ച്.ടി ഉപഭോക്താക്കൾ എന്നിവർക്കായി 3 ലക്ഷം സ്മാർട്ട് മീറ്ററുകൾ കെ.എസ്.ഇ.ബി.എൽ. ഫണ്ട് ഉപയോഗിച്ച് CAPEX അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിനു ടെൻഡർ ക്ഷണിക്കുകയും വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. വിതരണ രംഗത്ത് മികച്ച ഉപഭോക്തൃ സേവനം ഉറപ്പുവരുത്തുന്നതിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. |
| (ബി) | വൈദ്യുതി വിതരണമേഖലയിലെ സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര സർക്കാരിന്റെ നയപരിപാടികൾ സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ ഏതൊക്കെ | (ബി) | കേന്ദ്ര വൈദ്യുതി നിയമത്തിലെ ഭേദഗതി നിർദ്ദേശങ്ങൾ, കേന്ദ്രസർക്കാർ 2021 ഏപ്രിൽ മാസം പുറത്തിറക്കിയ കരട് വൈദ്യുതി നയം, 2020 സെപ്റ്റംബർ മാസം പുറത്തിറക്കിയ Draft Standard Bidding Documents for Privatisation of |

| | | |
|---|---|---|
| | രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ; | Distribution Licensees, 30.06.2023-ന പുറപ്പെടുവിച്ച ഇലക്ട്രിസിറ്റി (അമെൻഡ്മെന്റ്) റൂൾസ് 2023 എന്നിവയും വൈദ്യുതി മേഖലയുടെ സ്വകാര്യവത്കരണത്തിന് സഹായകരമായ നിലപാടുകൾ ഉൾപ്പെടുന്നവയാണ്.<br><br>കേന്ദ്ര വൈദ്യുതി നിയമം 2003 വരുന്നതിനുമുമ്പ് നിലനിന്നിരുന്ന നിയമങ്ങളുടെ അടിസ്ഥാനത്തിൽ ലൈസൻസ് ലഭിച്ചിരുന്നവർക്ക് Deemed ലൈസൻസി ആയി തുടരാം എന്ന് കേന്ദ്ര നിയമം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇലക്ട്രിസിറ്റി റൂൾസ് 2005-ൽ ഭേദഗതി വരുത്തി കേന്ദ്രമന്ത്രാലയം 30.06.2023-ന പുറപ്പെടുവിച്ച ഇലക്ട്രിസിറ്റി (അമെൻഡ്മെന്റ്) റൂൾസ് 2023 പ്രകാരം ലൈസൻസിംഗ് കാലയളവ് ആക്ട് നടപ്പിലാക്കിയ തീയതി മുതൽ 25 വർഷം പരിധി നിശ്ചയിച്ചിരിക്കുന്നു. ഈ ഭേദഗതി നടപ്പാക്കിയതോടുകൂടി കെ. എസ്. ഇ. ബി.-യുടെ ലൈസൻസിംഗ് കാലാവധി 2028-ന് അവസാനിക്കും കാലാവധിക്ക് ശേഷം ലൈസൻസ് പുതുക്കി നൽകുവാൻ റെഗുലേറ്ററി കമ്മീഷനെ സമീപിക്കേണ്ടതുണ്ട്. ഇത് ഭാവിയിൽ സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ, കെ.എസ്.ഇ.ബി.എൽ.-ന്റെ സുഗമമായ പ്രവർത്തനങ്ങൾക്കും തടസ്സം ആയേക്കാം.<br><br>2022 ഓഗസ്റ്റ് മാസം പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ട കരട് വൈദ്യുതി നിയമ ഭേദഗതി ബില്ലിൽ 1 സംസ്ഥാന താൽപര്യത്തെ പ്രതികൂലമായി ബാധിക്കുന്ന പല നിർദ്ദേശങ്ങളും ഉണ്ടായിരുന്നു. ഇത് സംബന്ധിച്ച സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. പിന്നീട് കേന്ദ്ര സർക്കാർ പ്രസ്തുത ബിൽ വിശദമായ പരിശോധനയ്ക്കായി ഊർജ്ജ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് കൈമാറിയിരുന്നു. തുടർന്ന് ഇത് പാസാക്കുന്നതിനെക്കുറിച്ചോ നടപ്പാക്കുന്നതിനെ ക്കുറിച്ചോ ഔദ്യോഗിക വിശദീകരണങ്ങൾ ഉണ്ടായിട്ടില്ല.<br><br>പ്രസ്തുത കരട് നിർദ്ദേശങ്ങൾ പ്രകാരം ശൃംഖലാ വികസനത്തിന്റെയും ആയതിന്റെ പരിപാലനത്തിന്റെയും ഉത്തരവാദിത്തത്തിൽ നിന്നും വിതരണ കമ്പനികളെ വിട്ടുതൽ ചെയ്യുകയും വലിയ മുതൽമുടക്കില്ലാതെ സ്വകാര്യ മേഖലയുടെ കടന്നു വരവ് എളുപ്പമാക്കുകയും ചെയ്യുന്നവയും ആയിരുന്നു. കൂടാതെ നഗരപ്രദേശങ്ങളിലും വലിയ പട്ടണങ്ങളിലും ഉള്ള വൻകിട ഉപഭോക്താക്കളെ തെരഞ്ഞുപിടിച്ച് അവർക്ക് മാത്രമായി പ്രത്യേക പാക്കേജുകളുമായി |

മുന്നോട്ടുവരുവാൻ സ്വകാര്യ വിതരണ കമ്പനികൾക്ക് സാധിക്കും. നഗരപ്രദേശങ്ങളിൽ മാത്രം പ്രവർത്തിക്കുന്ന കമ്പനികൾ കൂടുതൽ ഇളവുകൾ നൽകുന്ന സാഹചര്യത്തിൽ ഗ്രാമപ്രദേശങ്ങളിൽ കൂടി വിതരണം നടത്തുന്ന പൊതുമേഖലാ കമ്പനികളിൽ നിന്നും ഉപഭോക്താക്കൾ വിട്ടുപോകാനും ഇടയാക്കിയേക്കാം.

കരട് നിർദ്ദേശങ്ങൾ പ്രകാരം റഗുലേറ്ററി കമ്മീഷനുകൾ നിശ്ചിത സമയത്തിനുള്ളിൽ, ഒരു അപേക്ഷകന് ലൈസൻസ് നൽകുന്നതിൽ കാലതാമസം വരികയോ, അല്ലെങ്കിൽ അപേക്ഷ നിരസിക്കുകയോ ചെയ്താലും അപേക്ഷകന് ലൈസൻസ് അനുവദിച്ചതായി കണക്കാക്കും എന്നാണ് പറയുന്നത്. ഇതും കേന്ദ്ര വൈദ്യുതി നിയമം 2003-ൽ നിഷ്കർഷിക്കുന്നതിനു വിരുദ്ധമാണ്.

കൂടാതെ നിലവിലെ താരതമ്യേന ചെലവ് കുറഞ്ഞ വൈദ്യുതി വാങ്ങൽ കരാറുകൾ സ്വകാര്യ മേഖലയുമായി പങ്ക് വയ്ക്കേണ്ടി വരും. അതേസമയം ഹരിതോർജ്ജ ശേഷി വർദ്ധിപ്പിക്കുക എന്ന സംസ്ഥാന താല്പര്യം മുൻനിർത്തി നിലവിൽ നിർമ്മാണത്തിൽ ഇരിക്കുന്നതോ പുതുതായി ഏറ്റെടുക്കുന്നതോ ആയ നിലയങ്ങളുടെ വൈദ്യുതി ചെലവ് ഗണ്യമായി കൂടുതലായിരിക്കുമെങ്കിലും ആയത് ഭാവിയിൽ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി. പോലുള്ള പൊതുമേഖലാ കമ്പനികളുടെ മാത്രം ബാധ്യതയായി വരാം. ഇത് കെ.എസ്.ഇ.ബി.എൽ.-ന്റെ ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് ഗണ്യമായി വർദ്ധിപ്പിക്കുന്നതിലേക്ക് നയിക്കാം.

2020 സെപ്റ്റംബർ മാസം കേന്ദ്രസർക്കാർ പുറത്തിറക്കിയ Draft Standard Bidding Documents for Privatisation of Distribution Licensees പ്രകാരം പൊതു മേഖലയിൽ നിലനിൽക്കുന്ന വിതരണ ലൈസൻസികളുടെ ഭൂമി ഒഴികെയുള്ള ആസ്തികൾ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ പുതുതായി വരുന്ന സ്വകാര്യ ലൈസൻസിക്ക് കൈമാറണമെന്നും, തങ്ങളുടെ കൈവശമുള്ള ഭൂമി സ്വകാര്യ ലൈസൻസിയുടെ ഉപയോഗത്തിനായി തുച്ഛമായ നിരക്കിൽ വിട്ടുനൽകണമെന്നും നിഷ്കർഷിച്ചിരുന്നു. നിലവിലെ വിതരണ കമ്പനിയുടെ ജീവനക്കാരെ സ്വകാര്യ ലൈസൻസിക്ക് കൈമാറണമെന്നും അതേസമയം ഇത്തരത്തിൽ കൈമാറുന്ന ജീവനക്കാരുടെ നാളിതുവരെയുള്ള

| | | | |
|---|---|---|---|
| | | | റിട്ടയർമെന്റ് ആനുകൂല്യങ്ങൾ അതത് സർക്കാരുകൾ തന്നെ വഹിക്കണമെന്നും കരടുരേഖ വിഭാവനം ചെയ്യു. ഇതിനു പുറമേ നിലവിലുള്ളതും എന്നാൽ സാമ്പത്തികമായി ലാഭം ഉള്ളതുമായ വൈദ്യുതി വാങ്ങൽ കരാറുകളും സ്വകാര്യ ലൈസൻസികൾക്ക് കൈമാറേണ്ടി വരുന്ന സ്ഥിതി വരും.<br><br>മേൽസൂചിപ്പിച്ചവ എല്ലാം പൊതുമേഖലയെ ക്ഷീണിപ്പിക്കുന്ന നിർദ്ദേശമായി വ്യാഖ്യാനിക്കാം. |
| (സി) | അന്തർസംസ്ഥാന വൈദ്യുതി പ്രസരണ ലൈനുകളുടെ നിർമ്മാണവും പരിപാലനവും കേന്ദ്ര സർക്കാർ സ്വകാര്യ കമ്പനികളെ ഏൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ സംസ്ഥാനത്തിന് വൈദ്യുതി വാങ്ങുന്ന ഇനത്തിൽ അധിക ചെലവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്.<br><br>നിലവിൽ അന്തർ സംസ്ഥാന പ്രസരണ ലൈനുകൾ നിർമ്മിച്ചു പരിപാലിക്കുന്നതു പൊതുമേഖലാ സ്ഥാപനമായ പവർ ഗ്രിഡ് കോർപ്പറേഷനും മറ്റ് സ്വകാര്യ കമ്പനികളും കൂടിയാണ്. രാജ്യത്തെ വൈദ്യുതി പ്രസരണ വിഭാഗം മത്സരാധിഷ്ഠിതം ആക്കുന്നതിന്റെ ഭാഗമായി ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 63 അനുസരിച്ചും 2006-ലെ കേന്ദ്ര താരിഫ് പോളിസി പ്രകാരവും കേന്ദ്ര ഊർജ്ജ മന്ത്രാലയം രാജ്യത്തെ പ്രസരണ രംഗത്തിൽ മത്സരം പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. ഇത് അനുസരിച്ച് രാജ്യത്തെ എല്ലാ പ്രസരണ ലൈനിന്റെ നിർമ്മാണവും പരിപാലനവും മത്സരാധിഷ്ഠിത ടെൻഡർ മുഖേനയാണ് അനുവദിച്ചു വരുന്നത്. പ്രസരണ മേഖലയിൽ ഓരോ പുതിയ പദ്ധതിയും പൂർത്തിയാകുന്ന മുറക്ക് കെ.എസ്.ഇ.ബി.എൽ. ഉൾപ്പെടെയുള്ള യൂട്ടിലിറ്റികൾ ടി പദ്ധതിയിലൂടെ കൊണ്ടു വരുന്ന വൈദ്യുതിക്ക് ആനുപാതികമായി ചെലവ് വഹിക്കേണ്ടതിനാൽ പ്രസരണ ചെലവിൽ (Transmission charge) വർദ്ധനവ് ഉണ്ടാകുന്നുണ്ട്.<br><br>നിലവിൽ സംസ്ഥാനത്തേക്കുള്ള പ്രസരണ ലൈനുകൾ പവർ ഗ്രിഡ് കോർപ്പറേഷന്റെ കീഴിലുള്ള സെൻട്രൽ ലൈനുകളും സംസ്ഥാനത്തിന്റെ അധീനതയിലുള്ള ലൈനുകളുമാണ്. നിലവിൽ നിർമ്മാണത്തിലിരിക്കുന്ന 400 കെ.വി ഉഡുപ്പി-കാസർഗോഡ് ലൈനും കരിന്തളം 400 കെവി സബ്സ്റ്റേഷനും നിർമ്മിക്കുന്നത് കേന്ദ്ര ഊർജവകുപ്പിന്റെ ഭാഗമായ ആർ.ഇ.സി ട്രാൻസ്മിഷൻ പ്രോജക്ട് കമ്പനി ലിമിറ്റഡ് ടിബിസിബി (TBCB) വ്യവസ്ഥയിൽ ക്ഷണിച്ച ടെണ്ടർ ലഭിച്ച കമ്പനിയായ സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡിന്റെ ഭാഗമായ ഉഡുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) എന്ന കമ്പനിയാണ്. |

| | | | |
|---|---|---|---|
| (ഡി) | വൈദ്യുതി ഉൽപാദനത്തിന് ഇറക്കുമതി ചെയ്ത നിശ്ചിത ശതമാനം കൽക്കരി ഉപയോഗിക്കണമെന്ന കേന്ദ്ര നിർദ്ദേശം സംസ്ഥാനത്തിന്റെ വൈദ്യുതി വാങ്ങൽ ചെലവ് എത്രമാത്രം വർദ്ധിപ്പിച്ചുവെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്.<br><br>2022-ൽ വൈദ്യുതി ആവശ്യകതയിൽ വന്ന ഗണ്യമായ വർദ്ധനവ് ആഭ്യന്തര കൽക്കരി ശേഖരത്തെ അപകടമാം വിധം ബാധിക്കുകയും ഇത് താപ വൈദ്യുതി ഉൽപാദന നിലയങ്ങളെ പ്രതിസന്ധിയിൽ ആക്കുകയും ചെയ്തു. അധിക വൈദ്യുതി ആവശ്യകതയ്ക്ക് അനുസരിച്ച് ഉത്പാദനം നടത്തുന്നതിനുള്ള കൽക്കരി ആഭ്യന്തരമായി ലഭ്യമാകാത്തതിനാൽ അത് മറികടക്കാനായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം ഇറക്കുമതി ചെയ്ത കൽക്കരി ആഭ്യന്തര കൽക്കരിയുമായി ചേർത്ത് (blending) ഉപയോഗിക്കാൻ ഉത്പാദകർക്ക് അനുമതി ലഭിച്ചിരുന്നു. COAL BLENDING-ന് മുൻപുള്ള 2021-22-ലെ കേന്ദ്ര നിലയങ്ങളിലെയും DVC നിലയങ്ങളിലെയും ശരാശരി എനർജി ചാർജ്ജ് യൂണിറ്റ് ഒന്നിന് 2.97 രൂപയായിരുന്നു. എന്നാൽ COAL BLENDING ആരംഭിച്ചത് മുതൽ ഉള്ള 2022-23, 2023-24 വർഷങ്ങളിൽ ശരാശരി എനർജി ചാർജ്ജ് യൂണിറ്റ് ഒന്നിന് യഥാക്രമം 3.78 രൂപയായും 3.73 രൂപയായും വർദ്ധിച്ചിട്ടുണ്ട്. എനർജി ചാർജ്ജ് നിർണ്ണയിക്കുന്ന വിവിധ ഘടകങ്ങളിൽ coal blending ഉൾപ്പെടുന്നുണ്ട്.<br><br>കൂടാതെ, കെ.എസ്.ഇ.ബി.എൽ. ദീർഘ കാല കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്വകാര്യ നിലയങ്ങളിൽ നിന്നും ഇപ്രകാരം ഉത്പാദിപ്പിച്ച വൈദ്യുതി വാങ്ങിയ വകയിൽ ഏകദേശം 118 കോടി രൂപ അധികമായി ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ